പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2685 **28-10-2026-ൽ മറുപടിയ്ക്ക്**

എറണാകുളം മാഞ്ഞാലിത്തോടും അതിന്റെ കൈവഴികളും നവീകരിക്കുന്ന പ്രവൃത്തി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. അൻവർ സാദത്ത് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് മുപ്പത്തിയൊന്നാം ഘട്ടം ഉപയോഗിച്ച് എറണാകുളം മാഞ്ഞാലിത്തോടും അതിന്റെ കൈവഴികളും നവീകരിക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

മറുപടി: "NABARD - RIDF Tranche XXXI (2025-26) – Rejuvenation-Renovation of Manjali Thodu and its Tributaries in Ernakulam District – General Civil Work" എന്ന പ്രവൃത്തിക്ക് നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ച് 31-ൽ അംഗീകാരം ലഭിച്ചിരുന്നില്ല. തുടർന്ന് ട്രാഞ്ച് 32-ൽ അംഗീകാരം ലഭിക്കുന്നതിനായി ₹92 കോടി അടങ്കൽ തുകയുള്ള "NABARD - RIDF Tranche XXXII (2026-27) – Rejuvenation-Renovation of Manjali Thodu and its Tributaries in Ernakulam District – General Civil Work" എന്ന പ്രവൃത്തിയുടെ DPR സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു NABARD-ൽ സമർപ്പിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ